

ഇ.എം.എസ്. അക്കാദമിയിൽ ഒരുക്കുന്ന മിയാവാക്കി വനത്തിലേക്കുള്ള വൃക്ഷത്തൈ സി.പി.എം. സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ നടുന്നു

# ഇതാ ഭൂമിപാഠങ്ങൾ...

## ഇ.എം.എസ്. അക്കാദമിയിൽ മിയാവാക്കി വനം

കുറഞ്ഞ സ്ഥലത്ത് വനമൊരുക്കുന്ന മിയാവാക്കി വനം ഇ.എം.എസ്. അക്കാദമിയിലൊരുങ്ങുന്നു. പരിസ്ഥിതിദിനത്തിൽ വനത്തിനായൊരുക്കിയ സ്ഥലത്ത് രാവിലെ സി.പി.എം. സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ ദന്തപാലയുടെ തൈ നട്ടു.

തിരുവനന്തപുരം ഓർഗാനിക് ചാരിറ്റബിൾ സൊസൈറ്റി സെക്രട്ടറി ചെറിയാൻ മാത്യുവിന്റെ നേതൃത്വത്തിലാണ് അക്കാദമിയിൽ മിയാവാക്കി വനമൊരുക്കുന്നത്. നൂറ്റിയമ്പത് ഇനങ്ങളിലായി ആയിരത്തിലധികം വൃക്ഷത്തൈകൾ ഇവിടെ നടുന്നുണ്ട്. ഇതിനായി അക്കാദമി കാന്റീനരികിൽ അഞ്ച് സെന്റ് സ്ഥലം തയ്യാറാക്കി.

ജൈവകൃഷി രീതിയിലാണ് ചെടികൾ വളർത്തുന്നത്. സ്വാഭാവിക വനത്തിന്റെ പരിസ്ഥിതി സംബന്ധമായ സവിശേഷതകൾ ഈ ചെറുവനത്തിനുണ്ടാകും. ഐ.ബി. സതീഷ് എം.എൽ.എ, ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ, സി.പി.എം. പ്രാദേശിക പ്രവർത്തകർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ജില്ലയിൽ സൊസൈറ്റി ഒരുക്കുന്ന ഏഴാമത്തെ വനമാണ് അക്കാദമിയിൽ തയ്യാറാകുന്നത്.

07 june 2019
mathrubhumi